ഗൗരവപൂർവ്വം ആലോചിക്കുകയാണ്. ചില നടപടികളും എടുത്തിട്ടുണ്ട്, പുതിയ നിയമനിർമ്മാണം അതിലൊരു നടപടിയാണ്.

ശ്രീ. പി. കുഞ്ഞൻ: ഇന്നു പല സ്ഥലങ്ങളിലും കൂലിചോദിക്കുന്ന തൊഴിലാളികൾക്ക് ജൻമികളും ന്യായമായ കൂലികൊടുക്കാതെ, കൂലിചോദിച്ചാൽ ജൻമിമാർ പോലീസിനെ ഇടപെടുവിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നുണ്ട്. ഇതിനെതിരായി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ന്യായമായ കൂലി ചോദിച്ചുകൊണ്ട് കർഷകത്തൊഴിലാളികളും മുന്നോട്ടുവന്നാൽ പോലീസുകാർ ജൻമിയുടെ ഭാഗത്തു ചേരുന്നതായി ഞാൻ കേട്ടിട്ടില്ല.

പൂട്ടിക്കിടക്കുന്ന മില്ലുകൾ

* 91 (329) ശ്രീ. പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ മന്ത്രിസഭ അധികാരം ഏറെറടുത്തതിനുശേഷം പൂട്ടിക്കിടക്കുന്ന എത്ര മില്ലുകൾ പുനരാരംഭിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ട്;

(ബി) എത്ര എണ്ണം തുറന്നു പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്;

(സി) അടുത്തുതന്നെ തുറന്നു പ്രവർത്തിക്കുവാൻ സാദ്ധ്യതയുള്ള എത്ര വ്യവസായങ്ങൾ ഉണ്ട്;

(ഡി) കത്തിപ്പോയ സീതാറാം മില്ലിന്റെ നെയ്ത്തുവിഭാഗം അടുത്തുതന്നെ പുനരാരംഭിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ)

(എ) 3
(ബി) 1
(സി) 4
(ഡി) ഉണ്ട്.

ശ്രീ. പി. എസ്. നമ്പൂതിരി: നാലെണ്ണം തുറന്നു പ്രവർത്തിക്കാൻ സാധ്യതയുണ്ടെന്നു പറഞ്ഞു. ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പൂട്ടിക്കിടക്കുന്ന മില്ലുകളിൽ കണ്ണൂർ സ്പിന്നിംഗ് മിൽ ഇതിനകം തുറന്നു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു കാലിക്കട്ട് മിൽ ഉടനെ തുറന്നു പ്രവർത്തിക്കുന്നതാണ്. സീതാറാം മിൽ തുറന്നു പ്രവർത്തനം പുനരാരംഭിക്കാനുള്ള നടപടി സത്വരമായി ഗവൺമെൻറ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. പി. എസ്. നമ്പൂതിരി: വ്യവസായങ്ങളെന്നു പറയുന്നത് ഫാക്ടറികളെസംബന്ധിച്ചാണെങ്കിൽ, പൂട്ടിക്കിടക്കുന്ന ഒന്നുരണ്ട് കശുഅണ്ടി ഫാക്ടറികളും ഉണ്ട്; അവ തുറന്നു പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആലുവായിലുള്ള ഒരു ടൈൽ ഫാക്ടറിയിൽ തൊഴിൽത്തർക്കം നടക്കുന്നതുമൂലം അതു പൂട്ടിയിട്ടിരിക്കുകയാണ്. ഗവൺമെൻറിന് ഷെയറുള്ള സ്ഥാപനമാണ്. തുറന്നു പ്രവർത്തിക്കുന്നതിന് സഹായകമായരീതിയിൽ, ഗവൺമെൻറിനു ഷെയറുള്ള കാര്യം പരിഗണിച്ചും ലാഭകരമായി നടത്താമെന്നുള്ളകാര്യം പരിഗണിച്ചും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സാമ്പത്തികമായ വിഷമതമൂലം പ്രവർത്തനം നടത്താൻ സാധിക്കാതെ പൂട്ടിക്കിടക്കുന്ന മില്ലുകൾ തുറന്നു പ്രവർത്തിക്കുന്നതിനു സമഗ്രമായ വല്ല പദ്ധതിയും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ? ഇല്ലെങ്കിൽ പരിഗണിക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. പൂട്ടിക്കിടക്കുന്ന ഫാക്ടറികളുടെ പ്രത്യേക വശങ്ങൾ പരിശോധിച്ചശേഷം പ്രവർത്തനം പുനരാരംഭിക്കുന്നതിനു വേണ്ട നടപടി എടുക്കുകയാണു ചെയ്യുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ: സീതാറാം മില്ല് എത്രനാളുകൊണ്ടക്കം പ്രവർത്തനം പുനരാരംഭിക്കും?

ശ്രീ. പി. രവീന്ദ്രൻ: എത്രനാളുകൊണ്ടക്കമെന്നു പറയാൻ കഴിയുകയില്ല. വളരെ ശ്രദ്ധയോടും താൽപ്പര്യത്തോടുംകൂടി നടപടി എടുത്തുവരികയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: കശുണ്ടിത്തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുവാൻ വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: കേന്ദ്രഗവൺമെൻറിൽ നിവേദനം നടത്താൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ട്. പാർലമെൻറംഗങ്ങളുടെ സഹായത്തോടുകൂടി ഈ പ്രശ്നം പാർലമെൻറിൽ ഉന്നയിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

WRITTEN ANSWERS

കേരള വിദ്യാഭ്യാസ നിയമങ്ങൾ

* 92 [335] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളവിദ്യാഭ്യാസനിയമങ്ങൾ പരിഷ്കരിക്കാനുള്ള ഉദ്ദേശത്തോടുകൂടി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷൻ അംഗങ്ങൾ ആരെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly